## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് -ഏലൂർ നഗരസഭ - പാതാളം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 2,00,00,000/-(രണ്ടു കോടി) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.1061/13/തസ്വഭവ തിരുവനന്തപുരം, തീയതി: 19/04/2013.

===========================================================

പരാമർശം:-1) 29.07.2009-ലെ സ.ഉ (എം.എസ്)നം.147/2009/തസ്വഭവ ഉത്തരവ്.

2) ഏലൂർ നഗരസഭയുടെ 30.10.2012-ലെ 3 -)o നമ്പർ കൗൺസിൽ തീരുമാനം.

3)ഏലൂർ നഗരസഭയുടെ 25.03.2013-ലെ 1-)o നമ്പർ കൗൺസിൽ തീരുമാനം

4) ഏലൂർ നഗരസഭാ സെക്രട്ടറിയുടെ 05.11.2012-ലെയും 26.03.2013-ലെയും പി.ഡബ്ള്യൂ.3-5454/12 നമ്പർ കത്തുകൾ.

5) കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ 24.09.2012-ലെ കെ.യു.ആർ.ഡി.എഫ്.സി/യു.എൽ.ബി/355/2012 നമ്പർ കത്ത്.

6) നഗരകാര്യ ഡയറക്ടറുടെ 07.01.2013-ലെയും 01.04.2013-ലെയും ഡി.സി.3-18067/12 നമ്പർ കത്തുകൾ.

## ഉത്തരവ്

ഏലൂർ നഗരസഭയുടെ പാതാളം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 2,00,00,000/- (രണ്ട് കോടി) രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശം (4) പ്രകാരം ഏലൂർ നഗരസഭാ സെക്രട്ടറി സർക്കാരിനോട് അപേക്ഷിച്ചിരുന്നു. ആയത് പരാമർശം (6) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏലൂർ നഗരസഭയുടെ പാതാളം കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ഏലൂർ വില്ലേജിൽ സർവ്വേ നമ്പർ 129/3 ഇ-യിൽ ഉൾപ്പെട്ടതായ 49 സെന്റ് സ്ഥലം ജാമ്യമായി നൽകിക്കൊണ്ട്,

(. . . . .2)

പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 12% പലിശ നിരക്കിൽ 2,00,00,000/- (രണ്ട് കോടി) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം ഏലൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഏലൂർ നഗരസഭ.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ